പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1390 02/03/2017 ൽ മറുപടിയ്ക്ക്

# ആറ്റിങ്ങൽ, അവനവഞ്ചേരി വില്ലേജുകളിൽ റീ-സർവ്വേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ, അവനവഞ്ചേരി വില്ലേജുകളിൽ റീസർവ്വേ നടത്താൻ നടപടി സ്വീകരിക്കുമോ; | (എ) അവനവഞ്ചേരി വില്ലേജ് 15/06/2013 ന് റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ റീസർവ്വേ പ്രവർത്തനത്തിന് നടപടികൾ ആരംഭിച്ചിരുന്നെങ്കിലും തുടർ പ്രവർത്തനങ്ങൾ നടന്നിട്ടില്ലാത്തതാണ്. തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) മണമ്പൂർ, കിളിമാനൂർ, വെള്ളല്ലൂർ വില്ലേജുകളിൽ കരംതീരുവ ലഭിക്കാത്തതോ പട്ടയം ലഭിക്കാത്തതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പരാതികളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ? | (ബി) <u>മണമ്പൂർ വില്ലേജ്:</u><br>മണമ്പൂർ വില്ലേജിൽ നിന്നും ഭൂമി പതിവിനായി 13 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും, പതിവിനു വിധേയമായതും അർഹമായതുമായ അപേക്ഷകൾ പരിശോധനയിലും, നടപടിയിലും ഇരിക്കുന്നതുമാണ്. മണമ്പൂർ വില്ലേജിൽ സർവ്വേ നമ്പരുകൾ 1492, 1530,2519 എ, 25519/4, 2565, 2567, 2587 എന്നീ മുൻ സർവ്വേ നമ്പരുകളിലെ 15.85.500 ഏക്കർ ഭൂമി മിച്ച ഭൂമിയായി ഏറ്റെടുക്കാൻ ലാൻഡ് ബോർഡ് ഉത്തരവായിട്ടുള്ളതും ഇതിലുൾപ്പെട്ടു വരുന്ന നാന്നൂറോളം കരം തീരുവയ്ക്കായിട്ടുള്ള അപേക്ഷകൾ ഉള്ളതുമാണ്. ഇതിൽ നടപടി തുടർന്നു വരുന്നതും ആയത് ലാൻഡ് ബോർഡിന്റെ പരിഗണനയിലുമാണ്.<br><u>കിളിമാനൂർ വില്ലേജ്:</u><br>റീസർവ്വേ പ്രകാരം കരംതീരുവയ്ക്കായി ബാക്കിയുള്ള 97 അപേക്ഷകളിൽ സർവ്വേ നടപടികൾ തുടർന്നു വരുന്നതും പട്ടയം ലഭിക്കാൻ ബാക്കിയുള്ള 2 അപേക്ഷകളിന്മേൽ നടപടി തുടർന്നു വരുന്നതുമാണ്.<br><u>വെള്ളല്ലൂർ വില്ലേജ്:</u><br>റീസർവ്വേ പ്രകാരം കരംതീരുവയ്ക്കായി ബാക്കിയുള്ള 205 അപേക്ഷകളിൽ സർവ്വേ നടപടികൾ തുടർന്നു വരുന്നു. പട്ടയം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ ഇല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ